# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് ചെലവായ തുക
റീ ഇംബേഴ്സ് ചെയ്യാൻ നടപടി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2592 — 27.01.2014 - ൽ മറുപടിയ്ക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ. | സർക്കാർ ജീവനക്കാരുടെ മക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ തുക റീഇംബേഴ്സ് ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നറിയിക്കുമോ; | എ. | 25.4.2013 ലെ ജി.ഒ.(പി) നം. 148/2013/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ മക്കളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് പരമാവധി 5.5 ലക്ഷം രൂപ അനുവദിക്കുന്നതാണ്. |
| ബി | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിന്റെ തുക റീഇംബേഴ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 25.04.2013-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഇറക്കിയിട്ടുള്ള ജി . ഒ . (പി) 148/2013 നമ്പർ ഉത്തരവ് പ്രാബല്യത്തിൽ വരുമ്പോൾ 2012 ഫെബ്രുവരി 2-ന് ഇറക്കിയിട്ടുള്ള സ. ഉ. (എം.എസ്) 33/2012 നമ്പർ ഉത്തരവിന്റെ പ്രാബല്യം നഷ്ടപ്പെട്ടോ എന്ന് വ്യക്തമാക്കുമോ; | ബി | സാമൂഹ്യനീതി വകുപ്പിൻകീഴിലുള്ള ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുത്തി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ ജീവനക്കാരുടെ മക്കളുടെ ചികിത്സാ ചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് ജി.ഒ. (എം.എസ്) നം. 33/2012/H&FWD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ട്. |
| സി. | ഈ രണ്ട് ഉത്തരവുകളുടെയും കാലയളവിനിടയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ കേസുകളിൽ സർക്കാർ ജീവനക്കാരന് തുക റീഇംബേഴ്സ് ചെയ്യാനാവില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | സി. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഡി) | 'ശ്രുതിതരംഗം' പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്താൻ അപേക്ഷ നൽകുകയും സർക്കാർ ജീവനക്കാരനാണെന്ന കാരണത്താൽ തുക ലഭിക്കാതെ പോകുകയും തുടർന്ന് 1.03.2013-ൽ കടം വാങ്ങിയ | | |

| | | | |
|---|---|---|---|
| | തുകകൊണ്ട് പ്രസ്തുത ശസ്ത്രക്രിയ നടത്തിയ തുക റീ ഇംബേഴ്സ് ചെയ്തു കിട്ടുന്നതിന് എല്ലാ രേഖകളുമായി വകുപ്പുമേധാവി മുഖേന അപേക്ഷ നൽകുകയും ചെയ്ത ആലപ്പുഴ ജില്ലയിലെ റവന്യൂ വകുപ്പ് ക്ലാസ്സ് ഫോർ ജീവനക്കാരന്റെ അപേക്ഷ പരിഗണിക്കാൻ എന്താണ് തടസ്സമെന്ന് അറിയിക്കാമോ; | (ഡി) യും (ഇ) യും | |
| ഇ) | 25.04.2013 ലെ ഉത്തരവിൽ, മുൻകാല പ്രാബല്യം രേഖപ്പെടുത്തിയിട്ടില്ലെന്ന കാരണത്താലാണോ അദ്ദേഹത്തിന് തുക നിഷേധിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക എത്രയും വേഗം ആ ജീവനക്കാരനു ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | 25.4.2013 ലെ സ.ഉ. (പി) നം. 148/2013/H&FWD നമ്പർ ഉത്തരവിന് ആ തീയതി മുതൽ മാത്രമേ പ്രാബല്യമുള്ളൂ. പ്രസ്തുത തീയതിക്കു മുൻപ് നടന്ന കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയകൾക്ക് റീ ഇംബേഴ്സ്മെന്റ് അനുവദിക്കുവാൻ നിയമപ്രകാരം കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ